## നടീൽ രീതി

- ഒരു മീറ്റർ വീതം നീളവും വീതിയും ആഴവുമുള്ള കുഴിയെടുക്കുക (ഇളക്കമുള്ള മണ്ണാണെങ്കിൽ വിയറ്റ്നാം സൂപ്പർ ഏർലി പ്ലാവിന് ഒന്നരയടി വീതം കുഴി മതിയാകും.)
- ഇരുപത് കിലോഗ്രാം ഉണക്കചാണകപ്പൊടി അല്ലെങ്കിൽ കമ്പോസ്റ്റ്, ഒരു കിലോഗ്രാം റോക്ക് ഫോസ്ഫേറ്റ്, ഒരു കിലോഗ്രാം വേപ്പിൻ പിണ്ണാക്ക് എന്നിവ നന്നായി മിശ്രണം ചെയ്യണം.
  (വിയറ്റ്നാം പ്ലാവിന് 5 കിലോ ഉണക്കചാണകപ്പൊടി, അര കിലോഗ്രാം റോക്ക് ഫോസ്ഫേറ്റ്, അര കിലോഗ്രാം വേപ്പിൻ പിണ്ണാക്ക്)
- കുഴിയെടുക്കുമ്പോൾ ലഭിച്ച മേൽമണ്ണുമായി മേൽപറഞ്ഞ മിശ്രിതം നന്നായി ഇളക്കി ചേർത്ത ശേഷം അതുപയോഗിച്ച് കുഴി പൂർണ്ണമായി മൂടുക.
- കുഴിയുടെ മുകൾ ഭാഗം അർധവൃത്താകൃതിയിൽ കൂമ്പാരമായി നിൽക്കുന്ന രീതിയിലായിരിക്കണം മൂടേണ്ടത്.
- ഇങ്ങനെ കൂമ്പാരമായി നിൽക്കുന്ന ഭാഗത്ത് തൈ നടുന്നതിനുള്ള ചെറിയ പിള്ളക്കുഴിയെടുക്കുക.
- ഒരു പിടി ഉണക്കചാണകപ്പൊടി ഒരു പിടി റോക് ഫോസ്ഫേറ്റുമായി മിശ്രണം ചെയ്ത് പിള്ളക്കുഴിക്കുള്ളിൽ വിതറിയിടുക.
- കൂടത്തൈ നിൽക്കുന്ന പോളിത്തീൻ കൂട്, അതിനുള്ളിലെ മൺകട്ടയ്ക്ക് അശേഷം ഇളക്കം തട്ടാത്ത വിധത്തിൽ ശ്രദ്ധാപൂർവ്വം മുറിച്ചു മാറ്റുക.
- പിള്ളക്കുഴിയിലേക്ക് തൈ അതിന്റെ മൺകട്ട സഹിതം ഇറക്കിവച്ച് ഉറപ്പിക്കുക. ബഡ് സന്ധി കൂനയിലെ മൺനിരപ്പിന് അൽപം മുകളിലാണ് നിൽക്കുന്നതെന്ന് ഉറപ്പാക്കുക.





# ഹോംഗ്രോൺ ബയോടെക്

വിഴിക്കിത്തോട് പി.ഒ., കാഞ്ഞിരപ്പള്ളി, കോട്ടയം – 686518